മാനദണ്ഡങ്ങൾക്ക് വിരുദ്ധമായരീതിയിൽ ആന്തരികാവയവങ്ങൾ സൂക്ഷിക്കുന്നതായ റിപ്പോർട്ട്

30 (8090) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും ആശുപത്രികളിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആന്തരികാവയവങ്ങൾ സൂക്ഷിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളും ബയോമെഡിക്കൽ (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് 1998 പ്രകാരമാണ് ആന്തരികാവയവങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ ആശുപത്രി പരിസരങ്ങളിൽ മാലിന്യത്തോടൊപ്പം നീക്കംചെയ്യപ്പെട്ട ആന്തരികാവയവങ്ങളും മറ്റ് മനുഷ്യാവയവങ്ങളും കാണപ്പെട്ടതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് എല്ലാ ആശുപത്രികളും മാനദണ്ഡപ്രകാരം ഇവ കൈകാര്യം ചെയ്യുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിന് പരിശോധനകൾ കർശനമാക്കുമോ ?

ഉത്തരം

(എ) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആന്തരികാവയവങ്ങൾ സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ഐ.എം.എ.യുടെ സംരംഭമായ 'ഇമേജ്' വഴിയാണ് നടപ്പിലാക്കിവരുന്നത്. മറ്റ് മാലിന്യങ്ങൾ ഇൻസിനറേറ്റർ ഉപയോഗിച്ച് നശിപ്പിക്കുകയാണ് ചെയ്യുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആശുപത്രി തലത്തിൽ സൂപ്രണ്ടും ആർ.എം.ഒ. മാരും ഇക്കാര്യത്തിൽ മേൽനോട്ടം നൽകുന്നുണ്ട്. കൂടാതെ ജില്ലാതലത്തിൽനിന്ന് ജില്ലാ മെഡിക്കൽ ആഫീസർ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ തുടങ്ങിയവരും സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

തലത്തിൽ നിന്ന് ജില്ലകളുടെ ചാർജ്ജുള്ള ആഫീസർമാരും ആശുപത്രികളിൽ മേൽനോട്ടത്തിനായി സന്ദർശനം നടത്തുമ്പോൾ ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനവും പരിശോധിച്ചുവരുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ശാസ്ത്രീയമായരീതിയിൽ ആന്തരികാവയവങ്ങളും മറ്റ് മനുഷ്യാവയവങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ട്.

എൻഡോസൾഫാൻമൂലം രോഗബാധിതരായവരുടെ എണ്ണം

31 (8091) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

എൻഡോസൾഫാൻ തളിച്ചതുമൂലം സംസ്ഥാനത്ത് രോഗികളായവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് എൻഡോസൾഫാൻ തളിച്ചതുമൂലം രോഗബാധിതർ ഉള്ളതായി സ്ഥിരീകരിച്ചിട്ടുള്ളത് കാസർഗോഡ് ജില്ലയിൽ മാത്രമാണ്. എൻഡോസൾഫാൻ തളിച്ചതുമൂലം കാസർഗോഡ് ജില്ലയിൽ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം 5227 (അയ്യായിരത്തി ഇരുന്നൂറ്റി ഇരുപത്തി ഏഴ്) ആണ്.

പോസ്റ്റ്മോർട്ടം റിപ്പോർട്ടുകളിലെ കാലതാമസം

32 (8092) ശ്രീമതി പി. അയിഷാപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പോസ്റ്റ്മോർട്ടം റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തതിനാൽ പല കേസ്സുകളുടെയും അന്വേഷണം താമസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ;

(സി) ദുരൂഹസാഹചര്യത്തിൽ മരണപ്പെടുന്നവരുടെ ആന്തരിക അവയവങ്ങളുടെ രാസപരിശോധനാഫലം താമസംകൂടാതെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ;

(ഡി) കൊട്ടാരക്കര പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ. നമ്പർ 2220/13 കേസ്സിന്റെ രാസ പരിശോധനാഫലം അടിയന്തരമായി ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly